4. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) ഐശ്വര്യശ്രീ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉപധനാഭ്യർത്ഥന മുഖേന 2225-01-102-95 എന്ന പുതിയ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്. ഐശ്വര്യശ്രീ എന്ന പദ്ധതി വാത്സല്യനിധി എന്ന പേരിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകൾ/ ട്രഷറി/ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അതിൽ ഗുണഭോക്താവിന് ഏറ്റവും പ്രയോജനപ്രദമായത് ഏതെന്ന് ധനകാര്യ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ പട്ടികജാതി വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പട്ടികജാതി ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കി അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 ശ്മശാനങ്ങൾക്ക് വേണ്ടിയുള്ള 140.09 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടച്ച് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1 ലക്ഷം രൂപ വരയുള്ള വായ്പകൾ എഴുതിത്തള്ളുന്ന കാര്യം ധനവകുപ്പിന്റെ പരിഗണനയിലാണ്.

മരുന്നു വില നിയന്ത്രണ നയം

11 (*70) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്നുവില നിയന്ത്രണം നീക്കിയതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടിരുന്നോ ; അവിടെ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു ; പ്രധാനമന്ത്രിയിൽ നിന്ന് എന്തെങ്കിലും ഉറപ്പ് ലഭിച്ചെങ്കിൽ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) മരുന്ന് വില നിയന്ത്രണം നീക്കിയ നയം തിരുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ-സി) ഇക്കാര്യവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും, ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം സമർപ്പിച്ചിരുന്നു. മരുന്ന് വില വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു നടപടിയും സ്വീകരിക്കുന്നതല്ലെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിരുന്നു. ഇക്കാര്യത്തിൽ വീണ്ടും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ട്

12 (*71) ഡോ. ടി. എം. തോമസ് ഐസക്ക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ്ഗവിഭാഗ ശിശുക്കളുടെ മരണത്തെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും എന്തൊക്കെയാണ്; സർക്കാർ നടപ്പാക്കിയത് എന്തൊക്കെ കാര്യങ്ങളാണ്;

(ബി) ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ജനകീയ ആരോഗ്യ പ്രവർത്തകർ പഠനം നടത്തി സർക്കാരിന് നൽകിയ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും അറിയിക്കാമോ ;

(സി) യൂണിസെഫ് വിദഗ്ധരുടെ റിപ്പോർട്ടും ജനകീയ ആരോഗ്യ പ്രവർത്തകരുടെ റിപ്പോർട്ടും അവഗണിച്ച് പ്രശ്നം പഠിക്കാനായി പുതിയ സമിതിയെ നിയമിച്ചത് പരാജയം മറയ്ക്കാനും അടിയന്തര നടപടികൾ വൈകിക്കാനുമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly